**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1783** 12.06.19 **ൽ മറുപടിയ്ക്ക്**

**നിയമം ലംഘിച്ചുകൊണ്ട് വാഹനങ്ങൾ ഓടിക്കുന്ന ശൈലി**

| **ചോദ്യം**<br>**ശ്രീ. പുരുഷൻ കടലുണ്ടി** | | **ഉത്തരം**<br>**ശ്രീ.എ കെ ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | അമിതവേഗതയിലും നിയമലംഘനം നടത്തിയും വാഹനങ്ങൾ ഓടിക്കുന്ന ശൈലി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | നിയമലംഘനം നടത്തി വാഹനമോടിച്ചതിന് 2019 വർഷത്തിൽ എത്ര വാഹനങ്ങൾക്കാണ് കോഴിക്കോട് ജില്ലയിൽ പിഴ ചുമത്തിയിരിക്കുന്നതെന്നറിയിക്കാമോ; | (ബി) | 14,666 വാഹനങ്ങൾക്കെതിരെ. |
| (സി) | റോഡപകടം കുറയ്ക്കാനും നിരത്തുകളിലെ കുറ്റകൃത്യം തടയാനുമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എല്ലാ നിരത്തുകളിലും മോട്ടോർ വാഹന വകുപ്പ് വ്യാപക പരിശോധന നടത്തി വരുന്നു. ഈ ലക്ഷ്യം മുൻനിർത്തി കേരള സർക്കാർ **"സേഫ് കേരള"** എന്ന പദ്ധതി ആരംഭിച്ചു. നിലവിലുള്ള 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി 2019 ഫെബ്രുവരി അവസാന വാരം മുതൽ പ്രവർത്തനം ആരംഭിച്ചു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സ്ക്വാഡുകൾ 24 മണിക്കൂറും നിരത്തുകളിൽ പ്രത്യേകിച്ച് അപകട സാധ്യത കൂടുതൽ ഉള്ള മേഖലകളിൽ പട്രോളിംഗ് നടത്തി വരുന്നു. രാത്രികാല പരിശോധനയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**